# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 25 11.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം മദർ പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) "വിഴിഞ്ഞം മദർ പോർട്ട് " പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം മദർ പോർട്ട് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br><br>1 ഒരു വർഷം നീണ്ടു നിൽക്കുന്ന പാരിസ്ഥിതിക പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര സർക്കാരിന്റെ അനുമതി ജൂലൈ 2011-ൽ ലഭിച്ചു. ജൂൺ 2012-ൽ പ്രസ്തുത പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>2 പാരിസ്ഥിതിക പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയായി പുനർ നിർണയിച്ചു. ബാങ്ക് കൺസോർഷ്യം, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയിലൂടെ ധനസമാഹരണത്തിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി.<br><br>3 തുറമുഖ നിർമ്മാണത്തിനു ഏറ്റവും അത്യാവശ്യമായ ബാക്ക് അപ് ഏരിയ, റോഡ് കണക്ടിവിറ്റി, ട്രക്ക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമായ 110.47 ഏക്കർ ഭൂമിയിൽ 85.30 ഏക്കർ ഭൂമി ഏറ്റെടുത്തു. |

4 തുറമുഖ നിർമ്മാണത്തിനാവശ്യമായ മാസ്റ്റർപ്ലാനും ഇ.പി.സി.ടെൻഡർ ഡോക്യുമെന്റും ഉണ്ടാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

5 പോർട്ട് നടത്തിപ്പുകാരെ കണ്ടെത്തുന്നതിനുള്ള ബിഡ്സ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റി യുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

6 പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി നടത്തി വരുന്നു.

7 പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി വഴി പൂർത്തിയാക്കി.

8 600 മീറ്റർ നീളമുള്ള താൽക്കാലിക റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായിട്ടുണ്ട്.

9 പദ്ധതിയ്ക്കാവശ്യമായ റെയിൽപാതയുടെ സർവ്വേ തുറമുഖ കമ്പനി പൂർത്തിയാക്കിയെങ്കിലും കേന്ദ്ര സർക്കാർ ഈ വർഷത്തെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിൽ ഇത് ഉൾപ്പെടുത്തി ചെയ്യുന്നതിനു പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി എപ്പോൾ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്കുള്ള പാരിസ്ഥിതിക അനുമതി ഒക്ടോബർ, 2012-ൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഒരു കൊല്ലം നീണ്ടു നിൽക്കുന്ന പാരിസ്ഥിതികാനുമതിയ്ക്കുള്ള പഠനവും അനുബന്ധ നടപടികളും നടന്നു വരുന്നു. പാരിസ്ഥിതിക അനുമതി ലഭിച്ചു കഴിഞ്ഞാൽ മൂന്നുവർഷത്തേയ്ക്കാണ് ഇ.പി.സി ടെൻഡർ വഴി അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുള്ള കൺസ്ട്രക്ഷന്റെ കാലാവധി. ഇതനുസരിച്ച് അടിസ്ഥാന സൗകര്യ വികസനം 2015-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(സി) തുറമുഖ നിർമ്മാണത്തിനു ലഭ്യമാകേണ്ട പാരിസ്ഥിതിക അനുമതിയ്ക്കായുള്ള പഠനം 2012 ജൂൺ 30-നു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഈ പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും ബാങ്ക് കൺസോർഷ്യങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയിലൂടെ ധനസമാഹരണത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസനങ്ങൾ തുടങ്ങുന്നതിനായി ഇ.പി.സി. ടെൻഡർ ഡോക്യുമെന്റ് , മാസ്റ്റർപ്ലാൻ എന്നിവയുടെ നടപടികൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണത്തിനു ഏറ്റവും അത്യന്താപേക്ഷിതമായ ബാക്ക് അപ് ഏരിയ, ട്രക്ക്ടെർമിനൽ, റോഡ്കണക്ടിവിറ്റി എന്നിവയ്ക്ക് ആവശ്യമുള്ള 110.47 ഏക്കർ ഭൂമിയിൽ 85.30 ഏക്കർ ഭൂമി, ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുത്തുകഴിഞ്ഞു.

കേന്ദ്ര സംസ്ഥാന സർക്കാരിന്റെ

ശ്രമഫലമായി പദ്ധതിയിലേയ്ക്കുള്ള റെയിൽപ്പാത ലാസ്റ്റ് മൈൽ കണക്ടിവിറ്റി സ്കീമിൽ ഉൾപ്പെടുത്തി സർവ്വേ ചെയ്യുന്നതിനു ഇത്തവണത്തെ യൂണിയൻ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്.

പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി ധ്രുതഗതിയിൽ നടന്നു വരുന്നു. വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി. പൂർത്തിയാക്കി.

പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിനു വേണ്ടി ബിഡ്സ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ